بسم الله الرحمن الرحيم

# വിവാഹ സംബന്ധമായ സുപ്രധാന നിർദ്ദേശങ്ങൾ

പ്രസാധകർ:

ശുഅ്ബ രിശ്ത നാത്വ
നസാറത്ത് ഇസ്ലാഹോ ഇർശാദ് മർകസിയ്യ:

# വിവാഹ സംബന്ധമായ സുപ്രധാന നിർദ്ദേശങ്ങൾ

വിവർത്തനം:

**കെ. നജ്മുദ്ദീൻ**

പ്രസാധകർ:

**ശുഅ്ബ രിശ്ത നാത്വ,**

**നസാറത്ത് ഇസ്‌ലാഹോ ഇർശാദ് മർകസിയ്യ:**

**VIVAHA SAMBANDHAMAYA SUPRADHANA NIRDESHANGAL (Malayalam)**
**RishthaNatha va Shadi Biyah ke muthalliq Zaroori Hidayath (Urdu) (Original)**

Malayalam Translation :K.Najmuddin

Published by : RishthaNatha Dept.
Islah O Irshad Markaziyya,
Qadian 143516, Punjab, INDIA

Printed at: Fazle Umar Printing Press,
Qadian 143516, Punjab, INDIA

Copies: 2000
First Edition : 2018

# ആമുഖം

ഹദ്റത്ത് മസീഹ് മൗഊദ്(അ)നെ തിരിച്ചറിയാനും അദ്ദേഹത്തെ വിശ്വസിക്കാനും അല്ലാഹു നമുക്ക് സൗഭാഗ്യം നൽകിയിരിക്കുന്നു. അദ്ദേഹം നമ്മെ ഇന്ന് ലോകം കുടുങ്ങിക്കിടക്കുന്ന അനാചാരങ്ങളിൽ നിന്നും സുരക്ഷിതരാക്കിയിരിക്കുന്നു.

ഹദ്റത്ത് മസീഹ് മൗഊദ്(അ)നു ശേഷം അദ്ദേഹത്തിന്റെ ഖലീഫമാർ നമുക്ക് മാർഗനിർദ്ദേശങ്ങൾ നൽകിക്കൊണ്ടിരിക്കുന്നു. ഇപ്പോൾ ഖലീഫത്തുൽ മസീഹ് അഞ്ചാമൻ സയ്യിദുനാ ഹദ്റത്ത് മിർസാ മസ്റൂർ അഹ്മദ് (അയ്യദഹുല്ലാഹ്) യുടെ ഓരോ ചുവടിലും നമുക്ക് മാർഗദർശനം നൽകിക്കൊണ്ടിരിക്കുന്നു.

ഇസ്‌ലാം, പരിശുദ്ധവും സമാധാന പൂർണവുമായ ജീവിതത്തിനും സൽസന്താനങ്ങൾക്കും വിവാഹം അനിവാര്യമാണെന്ന് പഠിപ്പിക്കുന്നു. കുടുംബ ജീവിതത്തിൽ സ്ത്രീയും പുരുഷനും തന്താങ്ങളുടെ കടമകൾ യഥാവിധി നിർവഹിക്കേണ്ടതാണ്. പൊതുവിൽ വൈവാഹിക സംബന്ധമായ കാര്യങ്ങൾ വളരെ വൈകാരികമായ വിഷയങ്ങളാകുന്നു. ഇക്കാര്യത്തിൽ ശരീഅത്തിന്റെ നിർദ്ദേശങ്ങൾ അവഗണിക്കുകയാണെങ്കിൽ പ്രശ്നങ്ങൾ ഉടലെടുക്കുന്നതാണ്. അങ്ങനെ കുടുംബ ജീവിതം അസ്വസ്ഥ ഭരിതമായി മാറുന്നു. ഇതിന്റെ നിരവധി ഉദാഹരണങ്ങൾ വർത്തമാനകാലത്ത് നമുക്ക് കാണാവുന്നതാണ്. ഇക്കാര്യത്തിൽ ശരിയായ ദിശാബോധം നൽകുകയാണെങ്കിൽ സന്തോഷവും സംതൃപ്തിയും തിരിച്ചെത്തുന്നത് കാണാം.

അല്ലാഹു നമുക്ക് ഖിലാഫത്തെന്ന അനുഗൃഹീത നേതൃതം നൽകിയിരിക്കുന്നു. ഖിലാഫത്തിൽ നിന്നുള്ള നിർദ്ദേശങ്ങൾ പാലിക്കുകയാണെങ്കിൽ നമുക്ക് സമാധാനപൂർണമായ കുടുംബ ജീവിതം നയിക്കാൻ കഴിയുന്നതാണ്.

കുടുംബ ജീവിതം സന്തോഷദായകമാക്കുന്നതിനുള്ള ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റേയും ഖലീഫമാരുടേയും ഉപദേശങ്ങളാണ് ഈ ലഘുലേഖയിൽ ഉൾപ്പെടുത്തിയിരിക്കുന്നത്. അല്ലാഹു നമുക്ക് അവ ജീവിതത്തിൽ പകർത്തുന്നതിന് തൗഫീഖ് നൽകുമാറാകട്ടെ. ആമീൻ.

**നാസിർ ഇസ്‌ലാഹോ ഇർശാദ്, മർക്കസിയ**

بِسۡمِ اللّٰهِ الرَّحۡمٰنِ الرَّحِيۡمِ

അല്ലാഹു വിശുദ്ധ ഖുർആനിൽ പറയുന്നു,

يٰۤاَيُّهَا الَّذِيۡنَ اٰمَنُوا اتَّقُوا اللّٰهَ وَقُوۡلُوۡا قَوۡلًا سَدِيۡدًا ۙ‏ ﴿٧١﴾

*വിശ്വസിച്ചവരെ അല്ലാഹുവിനെ ഭയപ്പെടുക ചൊവ്വായ വാക്കു പറയുക.* (സൂറ അൽ അഹ്സാബ് 71)

يٰۤاَيُّهَا الَّذِيۡنَ اٰمَنُوا اتَّقُوا اللّٰهَ وَلۡتَـنۡظُرۡ نَـفۡسٌ مَّا قَدَّمَتۡ لِغَدٍ‌ ۚ وَاتَّقُوا اللّٰهَ‌ ؕ اِنَّ اللّٰهَ خَبِيۡرٌۢ بِمَا تَعۡمَلُوۡنَ‏ ﴿١٩﴾

*വിശ്വസിച്ചവരെ നിങ്ങൾ അല്ലാഹുവിനെ സൂക്ഷിക്കുക. നാളേയ്ക്ക് താനൊരുക്കി വച്ചിട്ടുള്ളത് എന്തെല്ലാമാണെന്ന് ഓരോ ആത്മാവും ചിന്തിച്ചു നോക്കട്ടെ. നിങ്ങൾ അല്ലാഹുവിനെ സൂക്ഷിക്കുക. തീർച്ചയായും അല്ലാഹു നിങ്ങൾ പ്രവർത്തിക്കുന്നതിനെക്കുറിച്ച് സൂക്ഷ്മമായി അറിവുള്ളവനാകുന്നു.* (സൂറ അൽ ഹശ്ർ 19)

നബി(സ) പറയുകയുണ്ടായി,

പൊതുവെ നാല് കാര്യങ്ങൾ മുൻനിർത്തിയാണ് ഭാര്യയെ തിരഞ്ഞെടുക്കുന്നത്.;

*ചിലർ സ്ത്രീയുടെ സ്വത്തും സമ്പത്തും കാരണമായി വിവാഹം കഴിക്കാൻ ആഗ്രഹിക്കുന്നു. ചിലർ സ്ത്രീയുടെ കുടുംബവും തറവാടിത്തവും കാരണമായി വിവാഹം കഴിക്കാൻ ആഗ്രഹിക്കുന്നവരാണ്. ചിലർ സൗന്ദര്യത്തെ അടിസ്ഥാനമാക്കി ഭാര്യയെ തിരഞ്ഞെടുക്കുന്നു. ചിലർ ദീനീ ബോധവും സൽസ്വഭാവവും കാരണമായി അവളെ തിരഞ്ഞെടുക്കുന്നു. അല്ലയോ മുസ്ലിമായ പുരുഷാ നീ ദീനീബോധമുള്ളവളും സൽസ്വഭാവിയുമായ ജീവി തസഖിയെ തിരഞ്ഞടുത്തുകൊണ്ട്*

*നിന്റെ ജീവിതം വിജയകരമാക്കാൻ ശ്രമിക്കുക. അല്ലാത്ത പക്ഷം നിന്റെ കൈ ചെളി പുരണ്ടതായിത്തീരും.*( ബുഖാരി, കിതാബുന്നിക്കാഹ് ബാബുൽ ഇക്ഫാഉ ഫിദ്ദീനി)

ദീനിനെ പുനരുജ്ജീവിപ്പിക്കുന്നതിനും, ശരീഅത്ത് നിലയുറപ്പിക്കുന്നതിനുമായിട്ടാണ് ഇക്കാലഘട്ടത്തിൽ അല്ലാഹു ഹദ്റത്ത് മസീഹ് മൗഊദ് (അ)നെ നിയോഗിച്ചിരിക്കുന്നത്. വിവാഹബന്ധ സംബന്ധമായി അദ്ദേഹം നൽകിയ നിർദ്ദേശങ്ങളും ഇക്കാലത്ത് ആ മഹാത്മാവിന്റെ ആദരണീയരായ ഖലീഫമാരുടെ നിർദ്ദേശങ്ങളും നമുക്ക് മാർഗ്ഗദർശകമായ നിയമങ്ങളാകുന്നു. അതിനാൽ നാം നമ്മുടെ അഹ്മദീ ചുറ്റുപാട് സ്വർഗ്ഗ തുല്യമായതാക്കാൻ ആഗ്രഹിക്കുന്നുവെങ്കിൽ ഈ മഹത്നിർദ്ദേശങ്ങളും ഉപദേശങ്ങളും അനുസരിച്ചു പ്രവർത്തിക്കുക എന്നത് നമ്മുടെ കടമയായിത്തീരുന്നു.

## ജമാഅത്തിനകത്തു നിന്നുതന്നെ വിവാഹം നടത്തുക, ഇതുമായി ബന്ധപ്പെട്ട നിർദ്ദേശങ്ങൾ.

ആൺകുട്ടികളുടെയും പെൺകുട്ടികളുടെയും വിവാഹം അഹ്മദികളുമായിത്തന്നെ നടത്തുവാൻ ജമാഅത്തംഗങ്ങൾ എപ്പോഴും ശ്രമിച്ചുകൊണ്ടിരിക്കേണ്ടതാണ്. ഇതു സംബന്ധമായി ഒരു വിജ്ഞാപനത്തിലൂടെ 1898ൽ തന്റെ ജമാഅത്തിനെ ഉപദേശിച്ചുകൊണ്ട് ഹദ്റത്ത് മസീഹ് മൗഊദ്(അ) പറയുന്നു അഹ്മദി പെൺകുട്ടികളുടെ വിവാഹം അനഹ്മദികളുമായി നടത്തരുത്. ഒരു സ്വഹാബി ഹദ്റത്ത് മസീഹ് മൗഊദ്(അ)നോട് തന്റെ മകളുടെ വിവാഹം ഒരു അനഹ്മദി ബന്ധുവുമായി നടത്തുവാനുള്ള അനുവാദം ചോദിച്ചപ്പോൾ അദ്ദേഹം കഠിനമായ നീരസം പ്രകടിപ്പിച്ചുകൊണ്ടു പറഞ്ഞു,

*"ഇക്കാര്യം നമ്മുടെ രീതിക്ക് തികച്ചും എതിരാണ്. താങ്കൾ താങ്കളുടെ മകളെ ഈ ജമാഅത്തിൽ ചേർന്നിട്ടില്ലാത്ത ഒരാൾക്കു നൽകുക എന്നത് അപരാധമാകുന്നു".*

വീണ്ടും പറയുന്നു, *താങ്കൾക്കായുള്ള പരീക്ഷണത്തിന്റെ സമയം ഇതു തന്നെയാണ്." ദീനിനു ദുനിയാവിനേക്കാൾ മുൻഗ*

*ണന നൽകുക. തിരുനബിയുടെ സഹാബിമാർക്ക് ദീനിനു വേണ്ടി പിതാക്കളെയും മക്കളെപ്പോലും വധിക്കേണ്ടി വന്നിരുന്നു. താങ്കൾക്ക ് ദീനിനുവേണ്ടി ഒരു സഹോദരിയെ പിണക്കാൻ സാധിക്കില്ലെ?. അതുകൊണ്ട് ഇത് ഖണ്ഠിതമായൊരു കല്പനയാണ്. അഹ്മദി അല്ലാത്ത ഒരാൾക്ക് പെൺകുട്ടിയെ നൽകുക എന്നത് അപരാധമാകുന്നു.* (മക്തൂബാത്ത് ഹദ്റത്ത് മസീഹ് മൗഊദ് (അ). 17-04-1907. ഖാദിയാനിലെ ഫസലുർറഹ്മാന് വേണ്ടി എഴുതിയത്.)

ഹദ്റത്ത് മസീഹ് മൗഊദ് (അ) അരുളുന്നു;

*എതിരാളികളായ മൗലവിമാരുടെ സ്വാധീനവലയത്തിൽ അകപ്പെട്ട് പക്ഷപാതത്തിലും ശത്രുതയിലും സങ്കുചിത മനോഭാവത്തിലും പകയിലും ഉച്ചിയിൽ എത്തിയിട്ടുള്ളവർ, അവർ പശ്ചാത്തപിച്ചു കൊണ്ട് ഈ ജമാഅത്തിൽ പ്രവേശിക്കാത്തിടത്തോളം അവരുമായി നമ്മുടെ ജമാഅത്തിന് പുതിയ വൈവാഹിക ബന്ധം ഉണ്ടാക്കുക അസാധ്യമായിരിക്കുന്നു. ഈ ജമാഅത്തിന് ഇനി ഒരു കാര്യത്തിലും അവരെ ആശ്രയിക്കേണ്ടതില്ല. ധനത്തിലും സമ്പത്തിലും അറിവിലും ശ്രേഷ്ഠതയിലും കുടുംബമഹിമയിലും പാപങ്ങളിൽ നിന്നുള്ള അകൽച്ചയിലും ദൈവഭയത്തിലും മുൻകടന്നിട്ടുള്ളവർ ഈ ജമാഅത്തിൽ വളരെ അധികം ഉണ്ട്. ഇസ്ലാമിൽ കാണുന്ന എല്ലാതരം വിഭാഗങ്ങളിൽ പെട്ടവരും ഈ ജമാഅത്തിൽ ഉൾപെട്ടിട്ടുണ്ട്. എങ്കിൽ പിന്നെ നമ്മെ കാഫിർ എന്നു പറയുകയും നമ്മുടെ പേര് ദജ്ജാൽ എന്ന് വയ്ക്കുകയും ചെയ്തവരുമായോ ഇനി അവർ സ്വയം അപ്രകാരം ചെയ്യുന്നില്ലെങ്കിൽകൂടി അത്തരം ആളുകളുടെ പ്രശംസകരും അവരുടെ അനുയായികളുമായോ നമ്മുടെ ജമാഅത്തിന് പുതിയ ബന്ധങ്ങൾ ഉണ്ടാക്കേണ്ടതിന്റെ യാതൊരാവശ്യവുമില്ല.*

*"ഓർത്തുകൊള്ളുക, ഇത്തരം ആളുകളെ ഉപേക്ഷിക്കാത്തവർ ഈ ജമാഅത്തിൽ ചേരാൻ യോഗ്യതയില്ലാത്തവരാണ്. പരിശുദ്ധിയാർജ്ജിക്കുന്നതിനും സത്യത്തിനും വേണ്ടി ഒരു സഹോദരൻ സഹോദരനെ ഉപേക്ഷിക്കാത്തിടത്തോളം ഒരു പിതാവിന്*

*പുത്രനിൽ നിന്നും അകന്നു നിൽക്കാൻ സാധിക്കാത്തിടത്തോളം അവർ നമ്മിൽപ്പെട്ടവരല്ല.”* (മജ്മൂആ ഇശ്തിഹാറാത്ത്, വാല്യം 3 പേജ് 50. ലണ്ടനിൽ നിന്നും പ്രസിദ്ധികരിച്ചത്.)

ഹദ്റത്ത് ഖലീഫത്തുൽമസീഹ് അൽ ഖാമിസ് അയ്യദഹുല്ലാഹു തആലാ അരുളുന്നു;

ഒരു പെൺകുട്ടി വിവാഹം കഴിക്കുന്നിടത്ത് അല്ലെങ്കിൽ വിവാഹം കഴിക്കാൻ ആഗ്രഹിക്കുന്നിടത്ത് ആൺകുട്ടി അഹ്മദി തന്നെയാണെന്ന് അഹ്മദിയ്യാ ജമാഅത്ത് തീർച്ചയായും പരിശോധിക്കുന്നതാണ്. എന്തെന്നാൽ ഇതിന്റെയെല്ലാം ഉദ്ദേശ്യം പരിശുദ്ധമായ സാമൂഹികാന്തരീക്ഷം നിലനിർത്തുകയും നല്ല സന്താനങ്ങളെ കരസ്ഥമാക്കുകയും ചെയ്യുക എന്നതാണ്. അഹ്മദി ആൺകുട്ടികൾ അഹ്മദി പെൺകുട്ടികളെയും അഹ്മദി പെൺകുട്ടികൾ അഹ്മദി ആൺകുട്ടികളെയും വിട്ടുകൊണ്ട് മറ്റുള്ളവരുമായി വിവാഹം നടത്തുകയാണെങ്കിൽ സമൂഹത്തിലും കുടുംബത്തിലും കലഹങ്ങൾ ഉണ്ടാകുമെന്ന ആശങ്കയുണ്ടാകുന്നു. പുതുതലമുറ ദീനിൽ നിന്നും അകന്നുപോകുമെന്ന് ആശങ്കയുണ്ടാകുന്നു. അതിനാൽ ഭൗതീകമായി കുഫു (പൊരുത്തം) ഒത്തുനോക്കുന്നതു പോലെ തന്നെ ധാർമ്മികമായ കുഫുവും ഒത്തുനോക്കേണ്ടതാണ്. നമ്മുടെ ചില ആൺകുട്ടികൾക്കും പെൺകുട്ടികൾക്കും അന്യരെ വിവാഹം കഴിക്കുവാനുള്ള അഭിരുചി കൂടുതലാണ്. ഈ കാര്യം ഗൗരവമായി കാണേണ്ടതാണ്; പ്രത്യേകിച്ചും സ്വാതന്ത്ര്യം കൂടുതലുള്ള പരിതസ്ഥിതിയുള്ളിടത്ത്. സ്വന്തം ഇഷ്ടപ്രകാരം അന്യരിലും മറ്റു മതസ്ഥരിലും വിവാഹം കഴിക്കുന്ന ഈ പ്രശ്നം അധികിച്ചിരിക്കുന്നു എന്നതിനാൽ ജമാഅത്ത് വ്യവസ്ഥിതിയുടെ ആശങ്കയും വർദ്ധിച്ചിരിക്കുകയാണ്. (ജുമുആ ഖുതുബ 2004 ഡിസംബർ 24. ഖുത്ബാത്തെ മസ്റൂർ വാല്യം2 പേ:936)

വിവാഹം കഴിക്കുക എന്നത് ഒരു സൽപ്രവർത്തിയാണ്. അല്ലഹുവും നബി(സ)തിരുമേനിയും ഇക്കാര്യത്തിലേക്ക് ശ്രദ്ധ തിരിച്ചിരിക്കുന്നു. മാത്രമല്ല അല്ലാഹു വിധവകളോട് നിങ്ങൾ വിവാഹം കഴിക്കുക എന്ന് ഒരു തരത്തിൽ കല്പിക്കുകയും അവ

രുടെ വിവാഹത്തിന് നിങ്ങൾ തടസ്സമാകരുത് കല്പിക്കുകയും ചെയ്തിരിക്കുന്നു. നബി തിരുമേനി(സ) സ്വഹാബാക്കളെ വിവാഹത്തിന്റെ കാര്യത്തിൽ പ്രേരിപ്പിക്കുകയും പ്രോത്സാഹിപ്പിക്കുകയും ചെയ്യാറുണ്ടായിരുന്നു. ബന്ധങ്ങൾ നിശ്ചയിച്ചു കൊടുക്കുകയും ചെയ്യാറുണ്ടായിരുന്നു. എന്നാൽ ഇതേ മംഗളകരമായ കർമംതന്നെ ചില അവസരങ്ങളിൽ ചില അഹ്മദിവീടുകൾക്കു പരീക്ഷണമായിത്തീരുന്നു. ഇതിൽ ജമാഅത്തു വ്യവസ്ഥിതിയുടെ യാതൊരു കുറ്റവും ഉണ്ടായിരിക്കില്ല. എന്നാൽ ചിലയാളുകൾ ജമാഅത്തുവ്യവസ്ഥിതിയുടെ മേൽ ആരോപണം ഉന്നയിക്കുന്നു. ഇത് സംഭവിക്കുന്നത്, ഒരാൾ തന്റെ ഇഷ്ടപ്രകാരം ഏതെങ്കിലും അനഹ്മദി പെൺകുട്ടിയേയോ സ്ത്രീയേയോ വിവാഹം കഴിക്കുമ്പോൾ ഇത് ജമാഅത്ത് വ്യവസ്ഥിതി ഇഷ്ടപ്പെടില്ലെന്നും തനിക്ക് അനുവാദം ലഭിക്കില്ലെന്ന് കരുതുകയോ അല്ലെങ്കിൽ അനഹ്മദി പെൺകുട്ടിയുടെ ഭാഗത്തു നിന്നും നിക്കാഹ് അഹ്മദിയല്ലാത്ത മൗലവിയെക്കൊണ്ടോ മറ്റാരെയെങ്കിലും കൊണ്ടോ നടത്തിക്കണമെന്ന നിബന്ധനയുണ്ടാകുകയോ ചെയ്യുമ്പോൾ അത്തരക്കാർ അനഹ്മദിയെക്കൊണ്ട് നിക്കാഹ് വിളംബരപ്പെടുത്തുന്നു. ഈ പ്രവൃത്തി അവരെ ഹദ്റത്ത് മസീഹ് മൗഊദ്(അ)നോടു ചെയ്ത അനുസരണപ്രതിജ്ഞയുടെ വൃത്തത്തിൽ നിന്നും പുറംതള്ളുന്നു. എന്തുകൊണ്ടെന്നാൽ ആ നിക്കാഹു നടത്തിക്കൊടുക്കുന്ന വ്യക്തിയോ വ്യക്തികളോ ഹദ്റത്ത് മസീഹ് മൗഊദ്(അ)നെ നിഷേധിക്കുകയും അദ്ദേഹത്തെ കളവാക്കുകയും ചെയ്തവരായിരിക്കും. ഇത്തരം അഹ്മദി കുട്ടിയോ ആ വിവാഹത്തിനു സഹായിച്ച കുടുംബമോ തങ്ങളുടെ കർമ്മങ്ങൾ കൊണ്ട്, ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ ബൈഅത്തിൽ നിന്നും മാറിനിന്നുകൊണ്ട് അനഹ്മദി മൗലവിയെക്കൊണ്ടു നിക്കാഹ് നടത്തിച്ച് നഊദുബില്ലാഹ് ഞങ്ങൾ അദ്ദേഹത്തെ നിഷേധിക്കുകയും കളവാക്കുകയുമാണ് എന്ന് വിളംബരപ്പെടുത്തുകയാണ് ചെയ്യുന്നത്.

''അതുകൊണ്ട് ഓരോ അഹ്മദിയും ദീനിനെ ദുനിയാവിനേ

ക്കാൾ മുൻഗണന നൽകും എന്ന പ്രതിജ്ഞയിലേയ്ക്ക് എപ്പോഴും ശ്രദ്ധിക്കേണ്ടതാണ്.എന്റെ ഏതെങ്കിലും ഒരു പ്രവൃത്തികൊണ്ട് എന്റെ ദീനിനെ അത് മോശമായി ബാധിക്കും എന്ന തോന്നൽ ഉണ്ടാകുന്നിടത്തൊക്കെ ഒരു യഥാർത്ഥ അഹ്മദി തന്റെ എല്ലാ ലൗകിക ആഗ്രഹങ്ങൾക്കും പ്രവർത്തികൾക്കും മുന്നിൽ തടയണ കെട്ടേണ്ടതാണ്. ഓരോ അഹ്മദിയും ഇത് തിരിച്ചറിയുകയും അതനുസരിച്ചു പ്രവർത്തിക്കുവാൻ തുടങ്ങുകയുമാണെങ്കിൽ നിശ്ചയമായും അവരുടെ മേൽ അല്ലാഹുവിന്റെ സ്നേ ഹദൃഷ്ടി പതിയുന്നതായിരിക്കും. ഇക്കാലഘട്ടത്തിലെ ഇബ്രാഹീമുമായി യഥാർഥ ബന്ധം നിലനിർത്തുന്നവരും യഥാർഥ അനുയായിയും അനുസാരിയുമായിത്തീരുന്നതുമാണ്. ശിക്ഷ നൽകുന്നതുമായി ബന്ധപ്പെട്ട സംഗതികൾ എന്റെ മുന്നിൽ വരുമ്പോൾ എന്തായാലും നിയമമനുസരിച്ച് ശിക്ഷ നൽകേണ്ടി വരുന്നു. എന്നാൽ ഞാൻ ആർക്കെങ്കിലും ശിക്ഷ വിധിക്കുമ്പോൾ അത് എന്നെ വളരെയേറെ വിഷമിക്കുന്ന ഒരു കാര്യമാണ്. (ഖുത്ബ ജുമുഅ 2008 ജൂലൈ 4. ഖുത്ബാത്തെ മസ്റൂർ, വാല്യം 6 പേജ്:267)

ഇക്കാരണങ്ങൾകൊണ്ടു തന്നെ ഹദ്റത്ത് മസീഹ് മൗഊദും (അ) മഹാന്മാരായ ഖലീഫമാരും എപ്പോഴും വൈവാഹിക കാര്യങ്ങളിൽ ദീനിന് മുൻഗണന നൽകാൻ ഉപദേശിച്ചിരിക്കുന്നു. നിർബന്ധിത സാഹചര്യത്തിൽ കാലത്തിന്റെ ഖലീഫയുടെ അനുമതിയോടെ അനഹ്മദി പെൺകുട്ടിയുമായി വിവാഹം നടത്താവുന്നതാണ്. അഹ്മദിയായ ഒരാൾ നിക്കാഹ് നടത്തിക്കൊടുക്കുകയും ചെയ്യുകയാണെങ്കിൽ അത് അംഗീകരിക്കപ്പെടുന്നതാണ്. എന്നാൽ ഇത്തരം വിവാഹങ്ങൾ കുട്ടികളുടെ ശിക്ഷണ കാര്യത്തിൽ ഉത്തമമായതായിരിക്കില്ല. എന്നാൽ ഒരു അനഹ്മദി അല്ലെങ്കിൽ അമുസ്ലിം ആൺകുട്ടിയുമായുള്ള അഹ്മദീ പെൺകുട്ടികളുടെ വിവാഹത്തെ ഹദ്റത്ത് മസീഹ് മൗഊദ്(അ) സ്പഷ്ടമായി വിലക്കിയിട്ടുണ്ട്. അതുകൊണ്ട് ഏതെങ്കിലും ഒരു പെൺകുട്ടിയോ മാതാപിതാക്കളോ ഇങ്ങിനെ ചെയ്യുന്നുവെങ്കിൽ അവർ നീരസത്തിന് അർഹരായിത്തീരുന്നതാണ്.

**പുതുതായി ബൈഅത്തു ചെയ്യുന്ന പെൺകുട്ടികളും ആൺകുട്ടികളുമായി ബന്ധപ്പെട്ട നിർദ്ദേശങ്ങൾ.**

➢ഏതെങ്കിലും ഒരാൺകുട്ടി ബൈഅത്തു ചെയ്തു ജമാഅത്തിൽ പ്രവേശിക്കുകയാണെങ്കിൽ നിരീക്ഷണാർത്ഥം കുറഞ്ഞത് ഒരു വർഷം കാലയളവു നിശ്ചയിച്ചിരിക്കുന്നു.

ഹുസൂർ അൻവർ അയ്യദഹുല്ലാഹുവിന്റെ നിർദ്ദേശം;

ഏതെങ്കിലും ഒരു പെൺകുട്ടി ബൈഅത്തു ചെയ്ത് അഹ്മദി ആവുകയും അവളുമായി ഒരു അഹ്മദി ആൺകുട്ടിയുടെ വിവാഹം നിശ്ചയിക്കുകയുമാണെങ്കിൽ, അതിനായി (അവൾക്കായി) ഒരു കാലയളവും നിശ്ചയിക്കപ്പെട്ടിട്ടില്ല.

ഇത്തരത്തിലുള്ള ഓരോ പ്രശ്നവും ബന്ധപ്പെട്ട പ്രസിഡന്റ്/ അമീർ ജമാഅത്ത്,ഇൻചാർജ്ജ് രിശ്ത്താ നാത്ത്വ, ബന്ധപ്പെട്ട നാസിർ ഇസ്ലാഹോ ഇർശാദ്/നാസിം വഖ്ഫെ ജദീദ് എന്നിവരുടെ റിപ്പോർട്ടും ശുപാർശയോടും കൂടി തുടർനിർദ്ദേശങ്ങൾക്കായി ഇവിടേക്ക് അയക്കേണ്ടതാണ്. ഇത്തരത്തിലുള്ള എല്ലാ പ്രശ്നങ്ങളിലും നിക്കാഹിനുള്ള അനുമതി നൽകുകയോ നൽകാതിരിക്കുകയോ ചെയ്യുക എന്നുള്ളത് കാലത്തിന്റെ ഖലീഫയുടെ ഉചിതമായ തീരുമാനത്തിലധിഷ്ടിതമായിരിക്കും. ( WTT 5266/18092017)

കാനഡയിലെ രിശ്ത്താ നാത്ത്വാ കമ്മറ്റിയുമായുണ്ടായ മീറ്റിംങ് വേളയിൽ സയ്യദ്നാ ഹുസൂർ അരുളുകയുണ്ടായി;

“ഒരു അഹ്മദി പെൺകുട്ടിക്കും ജമാഅത്തിനു പുറത്ത് അനഹ്മദിയുമായോ അമുസ്ലിമുമായോ വിവാഹം കഴിക്കാൻ അനുവാദമില്ല.”

പറയുന്നു: ജമാഅത്തിനു പുറത്തുനിന്നും വിവാഹം കഴിക്കുന്ന ആൺകുട്ടികളെ (വ്യവസ്ഥിതിയിൽ നിന്നും)പുറത്താക്കുന്നതിനുള്ള കാരണം അവർ ഏതെങ്കിലും അനഹ്മദി മൗലവിയെക്കൊണ്ടോ ഖാസിയെക്കൊണ്ടോ നിക്കാഹ് നടത്തിച്ചു എന്നുള്ളതാണ്.

"ഒരാൾ ഏതെങ്കിലും അനഹ്മദി പെൺകുട്ടിയുമായി നിയമാനുസൃതം അനുവാദം വാങ്ങിക്കൊണ്ട് വിവാഹം നടത്തുകയും അഹ്മദിയാണ് നിക്കാഹ് നടത്തുന്നത് എങ്കിൽ പ്രത്യേക സാഹചര്യം കണക്കിലെടുത്തു കൊണ്ട് അനുവാദം നൽകപ്പെടാറുണ്ട്. (അൽഫസൽ ഇന്റർനാഷണൽ 2012 സെപ്റ്റംബർ 28, 2012 ഒക്ടോബർ4)

## കൗൺസലിങ്ങ്

വിവാഹബന്ധങ്ങൾ നടത്തുന്നതിന് മുൻപായി പെൺകുട്ടികളുടെയും ആൺകുട്ടികളുടെയും അവരുടെ മാതാപിതാക്കളുടെയും കൗൺസലിങ്ങ് നടത്തേണ്ടത് ആവശ്യമാണ് എന്നത് ഹദ്റത്ത് ഖലീഫത്തുൽ മസീഹ് അൽഖാമിസിന്റെ നിർദ്ദേശമാണ്.

കാനഡയിലെ രിശ്താ നാത്താ കമ്മിറ്റിയുമായി നടന്ന മീറ്റിങ്ങിനിടയിൽ സയ്യിദ്നാ ഹുസൂർ അൻവർ അരുളുകയുണ്ടായി;

"മാതാപിതാക്കൾക്ക് കൗൺസലിങ്ങിന്റെ ആവശ്യമുണ്ട്. മാതാപിതാക്കളെ വെവ്വേറെയായി വിളിക്കുകയും അവരെ കൗൺസലിങ് നടത്തുകയും ചെയ്യുക."

ഹുസൂർ പറയുന്നു:

ചില മാതാക്കൾ അക്ഷരജ്ഞാനമുള്ളവരായിരിക്കും ചിലർ നിരക്ഷരർ ആയിരിക്കും. രണ്ടു കൂട്ടരുടെയും ചിന്താഗതികൾ വ്യത്യസ്തമായിരിക്കും.അവരുടെ ചിന്തകൾക്കും അഭിപ്രായങ്ങൾക്കും അനുസരിച്ച് കൗൺസലിങ്ങ് നടത്തേണ്ടതാണ്.

"കൗൺസലിങ്ങ് വേളയിൽ വിവാഹത്തിന്റെ ലക്ഷ്യമെന്താണെന്ന കാര്യം മനസ്സിലാക്കിക്കൊടുക്കണം, ഇതു സംബന്ധിച്ച മതപരമായ അധ്യാപനം എന്താണ്, നിങ്ങളുടെ ചിന്ത ഇതേക്കുറിച്ച് എന്താണ് എന്നെല്ലാം. അവരോടു പറയണം, നിങ്ങൾ വന്നതെവിടെനിന്നാണെന്നും ഏതു കുടുംബത്തിൽ നിന്നാണെന്നും നിങ്ങളുടെ മുതിർന്നവർ എന്തെല്ലാം ത്യാഗങ്ങളാണ് ചെയ്തിട്ടുള്ളതെന്നും, പിന്നിട് അല്ലാഹു എങ്ങിനെയാണ് അവന്റെ അനുഗ്രഹങ്ങൾക്കൊണ്ടു കടാക്ഷിച്ചതെന്നുമെല്ലാം അവരെ ഉണർത്തേണ്ടതാണ്.

ഇനി ലൗകികതയിലേക്കു പോകാതെ ദീനിൽ തന്നെ ഉറച്ചു നിൽക്കുകയും കുടുംബം ചെയ്ത സൽക്കർമ്മങ്ങളിലും തഖ്വയിലും നിലകൊള്ളുകയും കുടുംബത്തിന്റെ അന്തസ്സ് നിലനിർത്തുകയും ചെയ്തുകൊണ്ടായിരിക്കണം അല്ലാഹുവിന്റെ അനുഗ്രഹങ്ങൾക്കും പാരിതോഷികങ്ങൾക്കും നന്ദി കാണിക്കേണ്ടത്.

ഹുസൂർ പറഞ്ഞു; യഥാർഥ കാര്യം നന്മ പ്രവർത്തിക്കലാണ്, തഖ്വയാണ്. അതുണ്ടായിരിക്കണം.

കൗൺസലിങ് സംബംന്ധിച്ച ഹുസൂർ തിരുമനസ്സിന്റെ നിർദ്ദേശങ്ങളടങ്ങുന്ന ലഘുലേഖ പ്രസിദ്ധീകരിച്ചിട്ടുണ്ട്. അത് വിവിധ ഭാഷകളിൽ പരിഭാഷപ്പെടുത്തുകയും ചെയ്തിട്ടുണ്ട്. നസാറത്ത് ഇസ്‌ലാഹോ ഇർശാദ് മർക്കസിയായിൽ നിന്നും ലഘുലേഖ കൈപ്പറ്റാവുന്നതാണ്.

## സുപ്രധാന നിർദ്ദേശങ്ങൾ.

➢ നിക്കാഹ് ഫാറം പൂരിപ്പിക്കുമ്പോൾ താഴെപ്പറയുന്ന കാര്യങ്ങൾ പാലിക്കേണ്ടതു അനിവാര്യമാകുന്നു.

➢ പെൺകുട്ടിയുടെ യഥാർത്ഥ പിതാവായിരിക്കും അവളുടെ വലി.

വലിയുടെ ഒപ്പ് നിക്കാഹ് ഫാറത്തിൽ ഉണ്ടായിരിക്കേണ്ടത് നിർബന്ധമാണ്. പിതാവ് മരണപ്പെട്ടാൽ യഥാക്രമം പിതാമഹൻ, സഹോദരൻ, സഹപത്നി പുത്രൻ, പിതൃസഹോദരൻ തുടങ്ങി അടുത്ത ബന്ധുക്കൾ വലിയാകേണ്ടതാണ്. എന്നാൽ പിതാമഹന്റെ ബന്ധുക്കളിലുള്ള ആരും വലി ആയിട്ടില്ലാതിരിക്കുകയോ അല്ലെങ്കിൽ എന്തെങ്കിലും കാരണത്താൽ സ്വന്തം പിതാവിനെ വലി ആയി അംഗീകരിക്കാതിരിക്കുകയോ ചെയ്താൽ ഇത്തരം പ്രശ്നങ്ങൾ കേന്ദ്രത്തിൽ വരേണ്ടതാണ്. പിന്നീട് ഹുസൂർ തിരുമനസ്സിന്റെ അനുമതിയോടുകൂടി വലിയെ നിശ്ചയിക്കാവുന്നതുമാണ്.

➢ വലിയെ നിശ്ചയിക്കുന്നതുമായി ബന്ധപ്പെട്ട എന്തു പ്രശ്നം നേരിടുകയണെങ്കിലും അതിനുള്ള തീർപ്പ് ഖലീഫത്തുൽ മസീ

ഹിന്റെ അനുവാദത്തോടെ മാത്രമേ നടക്കുകയുള്ളൂ. അതിനായി നിയമാനുസൃതം പെൺകുട്ടിയുടെ ഭാഗത്തുനിന്നും സദർ/അമീർ ജമാഅത്ത് മുഖേന നസാറത്ത് ഇസ്‌ലാഹോ ഇർശാദ് മർക്കസിയ ഖാദിയാനിലേക്ക് അപേക്ഷ എത്തേണ്ടതാണ്. കേന്ദ്രത്തിന്റെ അനുമതിയില്ലാതെ അന്യരായ ആരെയും സ്വയമായി വലിയായി നിശ്ചയിക്കാവതല്ല.

➢ വിവാഹനിശ്ചയ വേളയിൽ വലിയുടെ കടമ നിർവ്വഹിക്കുന്ന വ്യക്തിക്ക് ശരീഅത് പ്രകാരം വലിയാകാനുള്ള അവകാശമുണ്ടോ എന്ന് പരിശോധിക്കേണ്ടത് എല്ലാ അമീർ, പ്രസിഡന്റ്മാരുടെയും മുബല്ലിഗ് മുഅല്ലിംകളുടെയും കടമയാണ്.

➢ നിക്കാഹിന്റെ അവസരത്തിൽ വലിയ്ക്ക് നേരിട്ടു ഹാജരാകാൻ സാധിക്കുന്നില്ലെങ്കിൽ തന്റെ വക്കീലിനെ നിശ്ചയിക്കാവുന്നതാണ്. എന്നാൽ നിക്കാഹ് ഫാറത്തിൽ വലിയുടെ കോളത്തിൽ വലിയുടെ തന്നെ ഒപ്പാണ് ഉണ്ടായിരിക്കേണ്ടത്. വക്കാലത്തിന്റെ കോളം വേറെ തന്നെ പൂരിപ്പിക്കേണ്ടതുണ്ട്.

➢ ആൺകുട്ടിക്ക് ഏതെങ്കിലും കാരണത്താൽ നിക്കാഹിൽ നേരിട്ടു ഹാജരാകാൻ സാധിക്കാതെ വന്നാൽ ആരെയെങ്കിലും വക്കീൽ ആയി നിശ്ചയിക്കാവുന്നതാണ്.അതിനുവേണ്ടിയും വേറെ കോളം പൂരിപ്പിക്കേണ്ടതുണ്ട്.

➢ ഇന്ത്യൻ ഭരണഘടനാ നിയമപ്രകാരം വിവാഹിതരാകുന്ന ആൺകുട്ടിക്ക് 21 വയസ്സും പെൺകുട്ടിക്ക് 18 വയസ്സും തികഞ്ഞിരിക്കേണ്ടത് നിർബന്ധമാണ്.

➢ഹദ്റത്ത് മുസ്‌ലിഹ് മൗഊദ്(റ) ഹഖ് മഹറിനെ കുറിച്ച് പറയുന്നു; ഞാൻ മഹർ ആയി നിശ്ചയിച്ചിരിക്കുന്നത് 6 മാസം മുതൽ ഒരു വർഷം വരെയുള്ള വരുമാനമാണ്. അതായത് എന്നോട് ആരെങ്കിലും ഹഖ്മഹറിനെക്കുറിച്ച് അഭിപ്രായം ചോദിക്കുകയാണെങ്കിൽ 6 മാസം മുതൽ ഒരുവർഷം വരെയുള്ള വരുമാനമാണ് ഹഖ് മഹർ ആയി നിശ്ചയിക്കുക എന്നാണ് പറയാറുള്ളത്. (അൽഫസൽ 1940 ഡിസംബർ12)

ഹഖ് മഹർ നൽകേണ്ടത് ഭർത്താവിന്റെ നിർബന്ധ ഉത്തരാദിത്വമാകുന്നു. മഹറ് കൈകാര്യം ചെയ്യുന്നതിൽ ഭാര്യക്ക് പൂർണ അധികാരമുണ്ടായിരിക്കും.

➢ ആൺകുട്ടിയുടെയും പെൺകുട്ടിയുടെയും അവർ അഹ്മദിയാണെന്നുള്ളതിനുള്ള തെളിവായി അവർ ഏതു ജമാഅത്തുമായാണോ ബന്ധമുള്ളത് അതതു ജമാഅത്തിന്റെ അമീർ/ സദറിന്റെ ഒപ്പും സീലും ഉള്ള സാക്ഷ്യപ്പെടുത്തൽ നിക്കാഹ് ഫാറത്തിൽ നിർബന്ധമാണ്.

➢ ആൺകുട്ടിയോ പെൺകുട്ടിയോ അല്ലെങ്കിൽ ഇരുകൂട്ടരുമോ അവർ വിദേശ രാജ്യത്ത് താമസിക്കുന്നവരാണെങ്കിൽ നിക്കാഹ് ഫാറത്തിൽ ദേശീയ സദർ അല്ലെങ്കിൽ ദേശീയ അമീർ ജമാഅത്തിന്റെ ഒപ്പും സീലുമുള്ള സാക്ഷ്യപത്രം നിർബന്ധമായിരിക്കും. കൂടാതെ വകാലത്ത് തഅ്മീലോ തൻഫീദ് ലണ്ടന്റെ അനുമതി ലഭിച്ച ശേഷം മാത്രമേ ഖാദിയാനിലോ ഇന്ത്യയിലെ മറ്റേതെങ്കിലും ജമാഅത്തിലോ വച്ച് നിക്കാഹ് വിളംബരപ്പെടുത്താൻ അനുവാദമുണ്ടാകൂ. അതിനായി ഖാദിയാനിൽ നിന്നും പ്രസിദ്ധീകരിച്ച നിക്കാഹ് ഫാറം തന്നെ ഉപയോഗിക്കേണ്ടതും നിർബന്ധമാണ്. പൂരിപ്പിച്ച് സാക്ഷ്യപ്പെടുത്തിയ നിക്കാഹ്ഫാറം നിക്കാഹ് വിളംബരത്തിനു രണ്ടാഴ്ച മുൻപു പൂർത്തിയായിരിക്കണം.നിക്കാഹ് വിളംബരത്തിനു യഥാർത്ഥ ഫാറം തന്നെ എത്തേണ്ടത് നിർബന്ധമാണ്.നിക്കാഹ് ഫാറത്തിന്റെ പകർപ്പിൽ നസാറത്ത് ഇസ്‌ലാഹോ ഇർശാദ് ഖാദിയാൻ യാതൊരുവിധ മേൽനടപടിയും എടുക്കുന്നതല്ല.

➢പെൺകുട്ടിയുടെ രണ്ടാം വിവാഹമാണെങ്കിൽ നിക്കാഹാ ഫാറത്തോടൊപ്പം തലാഖിന്റേയോ ഖുലയുടേയോ സാക്ഷ്യപ്പെടുത്തിയ രേഖ സമർപ്പിക്കേണ്ടത് നിർബന്ധമാണ്.

➢ നിക്കാഹ് വിളംബരം കഴിഞ്ഞ് ഒരു മാസത്തിനകം തന്നെ ഫാറം കേന്ദ്രത്തിലേക്കയച്ചു രജിസ്ററർ ചെയ്യിക്കേണ്ടത് അനിവാര്യമാകുന്നു. രജിസ്ട്രേഷൻ പൂർത്തിയായതിനു ശേഷം ഒരു

ഫാറം ആണിനും മറ്റൊന്ന് പെൺകുട്ടിയുടെ വലിക്കും അയച്ചു കൊടുക്കാറുണ്ട്. ഒരു ഫാറം ഓഫീസിൽ റിക്കാർഡിനായി വയ്ക്കുന്നു.

➢ ചിലർക്ക് സർക്കാർ വകുപ്പുകളിൽ തങ്ങളുടെ വിവാഹ സർട്ടിഫിക്കറ്റ്/വിവാഹ മോചിതനാണെന്നതിനുള്ള തെളിവ് സമർപ്പിക്കേണ്ടതായിട്ടുണ്ടാവും. അതിനായി ശുഅ്ബ രിശ്താ നാത്ത്വ വിവാഹകാര്യ വകുപ്പിൽ ആവശ്യപ്പെടുന്ന പക്ഷം ഇംഗ്ലീഷിലുള്ള മാര്യേജ് സർട്ടിഫിക്കറ്റ് നൽകുന്നുണ്ട്.

➢ സ്വന്തം ജില്ലയിലെ ജമാഅത്തുകളിലെ വിവാഹപ്രായമായ ആൺകുട്ടികളുടെയും വിവരങ്ങൾ, കേന്ദ്രത്തിൽ നിന്നും അയച്ചുതന്നിട്ടുള്ള ഫാറത്തിൽ എഴുതി അയച്ചുതരിക എന്നുള്ളത് ജില്ലാ സെക്രട്ടറി രിശ്താനാത്ത്വയുടെ ഉത്തരവാദിത്ത്വമാണ്.

**വിവാഹാലോചനയുമായി ബന്ധപ്പെട്ട ഹുസൂറിന്റെ നിർദ്ദേശം.**

ഹുസൂർ പറഞ്ഞു;

“ഭാരവാഹികളും മുറബ്ബിമാരും പരസ്പരം സഹായിക്കുന്നവരാകണം. ഇരുകക്ഷികളും അഹ്മദികളാണെങ്കിൽ, ഒരു മുറബ്ബിയാണ് ആ ബന്ധം ഉണ്ടാക്കുന്നത് എങ്കിൽ കൂടുതൽ പരിശോധനയുടെ ആവശ്യമില്ല. അഹ്മദിയല്ലെങ്കിൽ അതേപോലെ നവ അഹ്മദിയാണെങ്കിൽ സെക്രട്ടറി ഇസ്ലാഹോ ഇർഷാദിന്റയും ജമാഅത്ത് അമീറിന്റെയും സാക്ഷ്യപ്പെടുത്തലിനു ശേഷം ബന്ധം ഉറപ്പിക്കുകയോ നിക്കാഹ് നടത്തുകയോ ചെയ്യാം. (WTT53/04112015)

**നിക്കാഹ് ഫാറം ശ്രദ്ധയോടെ പൂരിപ്പിക്കുക.**

➢എല്ലാ നിക്കാഹ് ഫാറത്തിനോടൊപ്പവും നൽകിയിട്ടുള്ള, നിർദ്ദേശങ്ങളടങ്ങിയിട്ടുള്ള പേജ്, ഫാറം പൂരിപ്പിക്കുന്നതിനു മുൻപായി നല്ലപോലെ വായിച്ചു മനസ്സിലാക്കുക.

➢ ആൺകുട്ടിയുടെയും പെൺകുട്ടിയുടെയും പേരും മറ്റു വിവരങ്ങളും(പേര്,പിതാവിന്റെ പേര്,ജനനതിയ്യതി,വയസ്സ് തുടങ്ങിയവ.) ജനനസർട്ടിഫിക്കറ്റ് പ്രകാരം എഴുതുക.പ്രത്യേകിച്ച് പേര്

എഴുതുമ്പോൾ,ആധാർകാർഡ് പ്രകാരമോ സർട്ടിഫിക്കറ്റ് പ്രകാരമോ ആയിരിക്കണം.

➢ ജനനതിയ്യതി എഴുതുമ്പോൾ സർക്കാർ രേഖകൾ കൂടി കണക്കിലെടുക്കുക.ഏതൊരു രേഖയുടെ ആടിസ്ഥാനത്തിലാണോ സർക്കാർ രേഖകൾ ഉണ്ടാക്കുന്നത് അതിന്റെ അടിസ്ഥാനത്തിൽ തന്നെയാവണം നിക്കാഹ്ഫാറത്തിലും ജനനതിയ്യതി എഴുതേണ്ടത്.

➢ വൃത്തിയായി നല്ല കയ്യക്ഷരത്തിൽ എഴുതുക. കറുപ്പ്മഷി ഉപയോഗിക്കുക. വെട്ടിത്തിരുത്തലുകൾ അരുത്. Correction പേന കൊണ്ടോ മറ്റെന്തെങ്കിലും ഉപയോഗിച്ചോ ഫാറം സംശയാസ്പദമാകുന്ന വിധത്തിൽ മായ്ച്ചുകളയുകയോ ചെയ്യരുത്. ഇത്തരം എന്തെങ്കിലും പിഴവു സംഭവിച്ചിട്ടുണ്ടെങ്കിൽ നിക്കാഹിനു മുൻപായി മറ്റൊരു ഫാറത്തിൽ ഒന്നുകൂടി പൂരിപ്പിക്കുകയാണ് ഉത്തമം.

## മറ്റു പ്രധാനകാര്യങ്ങൾ

### വിവാഹാവസരത്തിൽ ദുരാചാരങ്ങളിൽ നിന്നും വിട്ടുനിൽക്കുക.

ഇക്കാലഘട്ടത്തിൽ ലോകത്ത് അമുസ്ലിംകളിലും അനഹ്മദികളിലും വിവാഹാവസരങ്ങളിൽ ഒട്ടനവധി ദുരാചാരങ്ങൾ ഇടം പിടിച്ചിരിക്കുന്നു. സമൂഹം മൊത്തത്തിൽ ഇതിൽ അകപ്പെട്ടിരിക്കുകയാണ്. മിക്ക അനഹ്മദികളും ഈ ദുരാചാരങ്ങൾ ചെയ്യുന്നു. ഇത് തികച്ചും അനിസ്ലാമികമായ ഒരു പ്രവർത്തിയാണ്. അഹ്മദികളായ നാം അത്തരത്തിലുള്ള എല്ലാ അനാചാരങ്ങളിൽ നിന്നും വിട്ടു നിൽക്കേണ്ടത് അനിവാര്യമാകുന്നു. നമുക്ക് യഥാർഥ ഇസ്ലാമിക അധ്യാപനങ്ങളെക്കുറിച്ച് വ്യക്തമാക്കിത്തരികയും, സമൂഹത്തിൽ നടമാടിക്കൊണ്ടിരിക്കുന്ന എല്ലാ ദുരാചാരങ്ങളിൽ നിന്നും രക്ഷപ്പെടാൻ ആഹ്വാനം നൽകി എന്നതും നാം അഹ്മദികളുടെ മേൽ ഹദ്റത്ത് മസീഹ് മൗഊദ് (അ)ന്റെയും തിരുഖലീഫമാരുടെയും ഔദാര്യമാണ്. ഇന്ന് നാം ഈ യഥാർഥ ഇസ്ലാമിക അധ്യാപനങ്ങളിലൂടെ ചലിച്ചുകൊണ്ട്

ദുരാചാരങ്ങളിൽ നിന്നും സ്വയം രക്ഷപ്പെടുന്നില്ലായെങ്കിൽ പ്രയാസങ്ങളിലേക്ക് ആണ്ടു പോകുന്നതാണ്.

അതിനാൽ വിവാഹാവസരങ്ങളിൽ ഉണ്ടാകുന്ന അനാവശ്യ ആചാരങ്ങളിൽ നിന്നു സ്വയം രക്ഷപ്പെടുകയും സ്വന്തം സമൂഹത്തെ സംസ്കരിക്കാൻ പരിശ്രമിക്കുക എന്നതും ഇന്ന് ഓരോ അഹ്മദിയുടെയും കടമയാണ്.

1) ഉദാ: മൈലാഞ്ചിക്കല്ല്യാണം.

2) വിവാഹാവസരത്തിൽ പ്രൊഫഷണൽ പാട്ടുകാരേയും നൃത്തം ചെയ്യുന്നവരേയും വിളിക്കുക.

3) ഭക്ഷണത്തിനായി അനാവശ്യമായി ചിലവഴിക്കുക.

4) സ്ത്രീധനവും മറ്റും പ്രദർശിപ്പിക്കുക

5) പർദ്ദ മുതലായവയുടെ അനുയോജ്യമായ ഏർപ്പാട് ചെയ്യാതിരിക്കുക.

6) അന്യസ്ത്രീകളുടെ ഫോട്ടോ എടുക്കുകയും വീഡിയോ എടുക്കുകയും ചെയ്യുക തുടങ്ങിയവ.

**മൈലാഞ്ചിക്കല്യാണം എന്ന ആചാരം.**

ഹദ്റത്ത് ഖലീഫത്തുൽ മസീഹ് അൽഖാമിസ് അയ്യദഹുല്ലാഹ് പറയുന്നു;

“മൈലാഞ്ചിയിടുക എന്ന ഒരു സമ്പ്രദായമുണ്ട്. അതിന് കല്യാണത്തിന്റെ അത്രതന്നെ പ്രാധാന്യം കല്പിക്കാൻ തുടങ്ങിയിരിക്കുന്നു. അതിനായി ജനങ്ങളെ ക്ഷണിക്കുകയും കാർഡ് അടിക്കുകയും സ്റ്റേജ് അലങ്കരിക്കുകയുമൊക്കെ ചെയ്യുന്നു. എന്നുമാത്രമല്ല ദിവസങ്ങളോളം സൽക്കാരങ്ങൾ നടത്തി കൊണ്ടിരിക്കുകയും ചെയ്യുന്നു. കല്യാണത്തിനു മുൻപേ തന്നെ ഇത് ആരംഭിച്ചിരിക്കും. ചിലപ്പോഴൊക്കെ ആഴ്ചകൾക്കു മുൻപ് ഇത് ആരംഭിക്കുന്നു. ഓരോ ദിവസവും സ്റ്റേജ് അലങ്കരിച്ചുകൊണ്ടിരിക്കുകയും ചെയ്യും ......... ഇതെല്ലാം അനാചാരങ്ങളാകുന്നു. കഴിവില്ലാത്തവനെയും ഇത് കീഴടക്കിയിരിക്കുന്നു. ......... ഇപ്പോൾ ചില അഹ്മദീ വീടുകളിലും ഈ വ്യർഥവും സംസ്കാരശൂന്യവുമായ

പ്രവൃത്തി കൂടിവരുന്നുണ്ട്. ......... ഞാൻ തുറന്നു പറയുകയാണ് വ്യർഥമായ ഈ ആചാരത്തിനു പുറകെ പോകാതെ അത് നിർത്തലാക്കുക. (ഖുത്ബ ജുമുആ 2010 ജനുവരി 15)

**വിവാഹവേളകളിൽ പ്രൊഫഷണൽ ഗായകരേയും നർത്തകരെയും വിളിക്കൽ.**

നമ്മുടെ നാടുകളിൽ ചില വിവാഹാവസരങ്ങളിൽ എന്തു മാത്രം മ്ലേഛമായ ഗാനങ്ങളാണ് വയ്ക്കുന്നതെന്നാൽ അതുകേട്ടാൽ ലജ്ജ തോന്നും. അങ്ങേയറ്റം സംസ്കാരശൂന്യവും വൃത്തികെട്ടതുമായ പദങ്ങളാണ് അതിൽ ഉപയോഗിക്കുന്നത്. ജനങ്ങൾ എങ്ങിനെയാണതു കേൾക്കുന്നത് എന്നറിയില്ല. കൂടാതെ നൃത്തവും ആട്ടവുമുണ്ടാകുന്നു. പെൺകുട്ടി ഇരിക്കുന്ന സദസ്സുകളിൽ അല്ലെങ്കിൽ വിവാഹം കഴിഞ്ഞ് വരന്റെ വീട്ടിൽ ചെല്ലുമ്പോൾ അവിടെയും ഇത്തരത്തിലുള്ള വ്യർഥമായ സംഗീതവും നൃത്തവും ഉണ്ടാകുന്നു. പരിപാടിയിൽ പങ്കെടുത്തിട്ടുള്ള ബന്ധുക്കളും അതിൽ പങ്കു ചേരുന്നു. യാതൊരു കാരണവശാലും ഇത് അനുവദിക്കുന്നതല്ല. (ഖുത്ബ ജുമുആ 2005 നവംബർ 25)

**ഖൗമിയ്യത്ത് (സാമുദായികത)**

ഹദ്റത്ത് മസീഹ് മൗഊദ്(അ) പറയുന്നു;

*ഇതരസമുദായത്തിലേക്ക് പെൺകുട്ടിയെ വിവാഹം ചെയ്തു കൊടുക്കുവാനോ അവരെ സ്വീകരിക്കാനോ ഇഷ്ടപ്പെടാതിരിക്കുക എന്ന മോശമായ സമ്പ്രദായവും നമ്മുടെ സമൂഹത്തിലുണ്ട്. ഇത് തികച്ചും ശരീഅത്ത് കല്പനയ്ക്ക് വിരുദ്ധമായിട്ടുള്ള അഹങ്കാരത്തിന്റെയും ഗർവ്വിന്റെയും രീതിയാണ്. മനുഷ്യരെല്ലാം അല്ലാഹുവിന്റെ ദാസരാകുന്നു. ആരുമായാണോ വിവാഹം നടക്കുന്നത് അയാൾ സൽപ്രകൃതക്കാരനും സൽസ്വഭാവിയും ആണോ, വല്ല കുഴപ്പത്തിലും കലഹത്തിലും അകപ്പെട്ടിട്ടുള്ള ആളാണോ എന്നെല്ലാമാണ് വിവാഹത്തിൽ നോക്കേണ്ടത്. ഇസ്ലാമിൽ സമുദായത്തിനു പ്രത്യേക പരിഗണനയൊന്നുമില്ല എന്നത് ഓർമ്മ വയ്ക്കേണ്ടതാണ്. തഖ്‌വയുടെ അടിസ്ഥാനത്തിലുള്ള പരിഗണന മാത്രമാണുള്ളത്.*

അല്ലാഹു പറയുന്നു;

إِنَّ أَكْرَمَكُمْ عِندَ اللهِ أَتْقَاكُمْ

(അൽഹുജറാത്ത് 14)

*നിങ്ങളിൽ നിന്ന് ഏറ്റവും സൂക്ഷ്മത കൈക്കൊള്ളുന്നയാളാണ് അല്ലാഹുവിന്റെ പക്കൽ ഏറ്റവും ആദരണീയൻ.*

വിവാഹവേളയിൽ ജാതി വർഗ്ഗ വ്യത്യാസത്തിന്റെ കാര്യത്തിൽപെട്ടു പോകാതെ തഖ്‌വയാണ് നോക്കേണ്ടത് എന്ന കാര്യം ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ ഈ നിർദ്ദേശത്തിൽ നിന്നും സ്പഷ്ടമാകുന്നു.

സയ്യിദുനാ ഹദ്റത്ത് അമീറുൽ മുഅ്മിനീൻ ഖലീഫത്തുൽ മസീഹ് അൽഖാമിസ് അയ്യദഹുല്ലാഹു തആലാ 2004 ഡിസംബർ 24ന് ഫ്രാൻസിലെ പാരീസിൽ വച്ചു നടത്തിയ ജുമുഅ ഖുത്ബയിൽ പറയുന്നു;

"ഈയൊരു പരാതി ഇപ്പോൾ സാധാരണമായിക്കൊണ്ടിരിക്കുകയാണ്. അതായത് പെൺകുട്ടി നല്ലവളാണ്, നിഷ്കളങ്കയാണ്, സൽസ്വഭാവിയുമാണ്, വിദ്യാസമ്പന്നയാണ്. ജമാഅത്തീ പ്രവർത്തനങ്ങളിലും പങ്കെടുക്കുന്നവളാണ്. പക്ഷെ രൂപഭംഗി അല്പം കുറവാണ്. പൊക്കവും കാണുന്നവർ ഉദ്ദേശിക്കുന്നത്ര ഇല്ല. അതുകൊണ്ട് ആളുകൾ വന്ന് കണ്ടുപോയിക്കൊണ്ടേയിരിക്കുന്നു.

"ഇക്കാര്യത്തിലേക്കു മുൻപും ഒരു തവണ ഞാൻ ശ്രദ്ധ തിരിപ്പിച്ചിരുന്നു. അതായത് രൂപവും പൊക്കവുമൊക്കെ ഫോട്ടോയിലൂടെയും മനസ്സിലാക്കാൻ കഴിയും. പിന്നെ വീട്ടിൽ പോയി പെൺകുട്ടിയെ കാണുകയും ശല്യപ്പെടുത്തുകയും ചെയ്യേണ്ടതിന്റെ ആവശ്യമെന്താണ്.അതുകൊണ്ടുതന്നെ ഇത്തരം കാര്യങ്ങൾ നോക്കാതെ ദീനീബോധത്തെ നോക്കുക എന്ന് അല്ലാഹു കല്പിച്ചിരിക്കുന്നത്. നിങ്ങളുടെ തലമുറയെ കാത്തുസൂക്ഷിക്കണമെങ്കിൽ ദീനീബോധത്തെ നോക്കുക എന്ന് നബി(സ)യും പറഞ്ഞത് അക്കാരണത്താലാണ്. പെൺകുട്ടികളുടെ ദീനീബോധത്തെ നോക്കുകയാണെങ്കിൽ നബി(സ)തിരുമേനിയുടെ ദുആ

കൾക്ക് അവകാശികളാകുകയും ചെയ്യും തങ്ങളുടെ തലമുറയെ ദീനിലൂടെ നടക്കുന്നവരായി കാണുകയും ചെയ്യും.

"ചിലർ ബലിമൃഗത്തെ പരിശോധിക്കുന്നപോലെയാണ് വിവാഹത്തിനായി പെൺകുട്ടികളെ പരിശോധിക്കുന്നത്. വിവാഹം എന്നത് ഒരു ഉടമ്പടിയാണ്. ഏതെങ്കിലും ഒരുകൂട്ടരുടെ ത്യാഗത്തിന്റെ പേരല്ല മറിച്ച് പരസ്പരമുള്ള രണ്ടുകൂട്ടരുടെയും ത്യാഗത്തിന്റെ പേരാണ്.

ഹദ്റത്ത് അബ്ദുല്ലാഹിബ്നു ഉമർ വിവരിക്കുന്നു.

നബി(സ)പറഞ്ഞു;

*ഈ ദുനിയാവ് എന്നത് ജീവിതം കഴിച്ചുകൂട്ടാനുള്ള ഒരിടം മാത്രമാണ്. ജീവസന്ധാരണത്തിനായി ഒരു നല്ല സ്ത്രീയേക്കാൾ ഉതകുന്ന മറ്റൊന്നുമില്ല.* (ഇബ്നുമാജ,അബ്വാബുന്നിക്കഹ് ബാബ് അൽഫസലുന്നിസാഅ്)

ചുരുക്കത്തിൽ എല്ലാ കാര്യങ്ങളും ഭൗതീകമായ അളവുകോല് വച്ച് അളന്നുനോക്കുന്നവരും ഈ ഹദീസ് അറിഞ്ഞിരിക്കേണ്ടതാണ് ഒരു നല്ല ഭാര്യയിലുപരിയായി നിങ്ങൾക്കായി മറ്റൊരു ജീവിതസാമഗ്രിയും ഇല്ലതന്നെ. നല്ല ഒരു സ്ത്രീ നിങ്ങളുടെ വീടും സംരക്ഷിക്കും നിങ്ങളുടെ മക്കൾക്ക് ഉന്നത ശിക്ഷണവും നൽകും.ഫലത്തിൽ നിങ്ങൾ ദീനിലേയും ദുനിയാവിലെയും നന്മകൾ കരസ്ഥമാക്കുന്നവരായിത്തീരും.

## സൽക്കാരവും അമിതവ്യയവും.

സയ്യദ്നാ ഹദ്റത്ത് ഖലീഫത്തുൽമസീഹ് റാബിഅ്(റഹ്) 1994 ഫെബ്രുവരി 11 ന് എം.ടി.എ യിൽ നടന്ന ഒരു സംഭാഷണ പരിപാടിയിലും, അതുപോലെ 1994 മെയ് 13ലെ ജുമുഅ ഖുത്ബയിലും വിവാഹാവസരങ്ങളിൽ അതിഥിസൽക്കാരവുമായി ബന്ധപ്പെട്ട് അഭിപ്രായപ്രകടനം നടത്തിയിരുന്നു. സന്തോഷാവസരത്തിൽ അതിഥികൾക്കു ഭക്ഷണം നൽകുക എന്നത് പൊതുവായ ഒരു നടപടിക്രമമാണ്. വിവാഹാവസരങ്ങളിൽ സന്തോഷപ്രകടനം നടത്തലും അതിഥികളോടൊപ്പം ചിലവഴിക്കുക എന്നതും

ഉചിതമാണ്. എന്നാൽ ഈ അവസരത്തിൽ അല്ലാഹുവിന്റെ **കുലൂ വശ്റബൂ വലാസതുസ്രിഫൂ** എന്ന കല്പന മുന്നിൽവയ്ക്കേണ്ടതു നിർബന്ധമാണ്. അമിതവ്യയത്തിൽ നിന്നും പൂർണ്ണമായും വിട്ടുനിൽക്കേണ്ടതാണ്'".

ഏതെങ്കിലും പരിപാടിയിൽ അമിതവ്യയം ഉണ്ടാകുന്നത് സാധാരണയായി അനാചാരങ്ങളിൽ ഏർപ്പെടുന്നതു മൂലമാണ്. ഇസ്ലാം അതിന് അനുവാദം നൽകുന്നില്ല. അതിനാൽ സമൂഹത്തിൽ കടന്നുകൂടിയിട്ടുള്ള പാട്ടുപാടുക നൃത്തം ചെയ്യുക സിനിമാ പാട്ടുകൾ കേൾക്കുക തുടങ്ങിയ ഇത്തരം ദുരാചാരങ്ങൾ ഉപേക്ഷിക്കേണ്ടത് അനിവാര്യമാണ്.

വിവാഹവേളകളിൽ വ്യർഥമായ കാര്യങ്ങൾ ചെയ്യുന്ന ധനികരായിട്ടുള്ള നിരവധി ആളുകൾ നമ്മുടെ ജമാഅത്തിലുണ്ട്. അവരോട് വെറുപ്പ് തോന്നാറുണ്ട്. അവരോടു സഹതാപവും തോന്നുന്നു. ഹദ്റത്ത് മസീഹ് മൗഊദ്(അ) നമ്മെ ഏതെല്ലാം വ്യർഥമായ കാര്യങ്ങളിൽ നിന്നും അകറ്റി പ്രകാശത്തിലേക്കു കൊണ്ടുവരുന്നുവോ അത്തരം കാര്യങ്ങളെ ഇവർ പരസ്പര മത്സരബുദ്ധിയോടെ ആവർത്തിക്കാൻ ആഗ്രഹിക്കുന്നു. വിശുദ്ധഖുർആനിൽ ചിലതരം ചിലവുകളെ ഗുണദായകമായിട്ടല്ല മറിച്ച്, നഷ്ടദായകങ്ങളാങ്ങളായിട്ടാണ് വിശേഷിപ്പിച്ചിരിക്കുന്നത്.

ഇത്തരത്തിൽ ജീവിതവിഭവങ്ങളെ അമിതവ്യയം ചെയ്തു നശിപ്പിച്ചു കളയുന്നവർ പിശാചിന്റെ സഹോദരങ്ങളാണെന്നാണ് അല്ലാഹു പറഞ്ഞിരിക്കുന്നത്. ഇങ്ങിനെ വിവാഹാഘോഷം നടത്തുകയും, ജീവിതവിഭവങ്ങളെ അമിതവ്യയം ചെയ്തു നശിപ്പിച്ചു കളയുകയും ചെയ്യുന്നവരുടെ പ്രകൃതം തന്നെ വിളിച്ചുപറയുന്നത് അവർ അഹ്മദിയ്യത്തിന്റെ പ്രകൃതത്തിൽ നിന്നും വ്യതിചലിച്ചിരിക്കുന്നു എന്നാണ്.

അതുകൊണ്ട് അവർക്ക് ഏളിമയുടെ പാഠങ്ങൾ നൽകുകയും സഹതാപത്തോടെ പറഞ്ഞു മനസ്സിലാക്കുകയും ചെയ്യുക എന്നത് നമ്മുടെ കടമയാണ്. നമ്മുടെ പ്രവർത്തനങ്ങൾ മഹത്തരമായതാണ്. എളിമയുടെയും സന്തുലിതയുടെയും വൃത്ത

ത്തിൽ നിന്നുകൊണ്ട് സന്തോഷങ്ങൾ ആഘോഷിക്കുക.

വീണ്ടും പറയുന്നു; കൂടുതൽ ചിലവഴിക്കാൻ നാം പ്രാപ്ത രാണെങ്കിൽ അതു മറ്റു കുട്ടികളുടെ വിവാഹങ്ങളിൽ ചിവവ ഴിക്കാം എന്നുള്ള ഒരു ചിന്ത നമ്മുടെ സമൂഹത്തിൽ ഉണ്ടാക്കി യെടുക്കേണ്ടതാണ്.

അതിനാൽ ധനികരായിട്ടുള്ളവർ ഓരോ വിവാഹാവസരത്തി ലും അതിന്റെ ഒരു ഭാഗം ഉദാഹരണത്തിന് പത്തിലൊന്ന് അർഹ രായ പെൺകുട്ടികളുടെ വിവാഹചിലവിലേക്കായി രഹസ്യമായി ജമാഅത്തിനെ ഏല്പിക്കുക. നാം അവരുടെ അവസ്ഥയനുസ രിച്ച് സൽക്കാരത്തിനുള്ള ഏർപ്പാട് ചെയ്യുന്നതാണ്. അതുമൂലം പരസ്പരസ്നേഹം വർദ്ധിക്കുകയും ധനികൻ ദരിദ്രൻ എന്ന വ്യത്യാസം കാരണമായുള്ള അകൽച്ച അടുപ്പത്തിലായിത്തീരു ന്നതുമാണ്.

## ദത്തുമക്കളെക്കുറിച്ചുള്ള കല്പനകൾ.

ദത്തുമക്കൾ അഥവാ എടുത്തു വളർത്തുന്ന കുട്ടികളുമായി ബന്ധപ്പെട്ട് താഴെപ്പറയുന്ന നിർദ്ദേശങ്ങൾ പാലിക്കേണ്ടത് അനി വാര്യമാകുന്നു.

അല്ലാഹു വിശുദ്ധഖുർആനിൽ പറയുന്നു;

وَمَا جَعَلَ أَدْعِيَاءَكُمْ أَبْنَاءَكُمْ

*നിങ്ങളുടെ ദത്തുപുത്രൻമാരെ നിങ്ങളുടെ പുത്രൻമാരാക്കി യിട്ടുമില്ല.*

അല്ലാഹുവിന്റെ ഈ കല്പനയിൽനിന്നും വ്യക്തമാകുന്നത് ദത്തെടുക്കുന്ന മക്കൾ ഒരിക്കലും യഥാർത്ഥ മക്കളെന്നു പറയു പ്പെടുകയില്ല എന്നാണ്. അതുകൊണ്ട് നിക്കാഹ് ഫാറം പൂരിപ്പി ക്കുന്ന സമയത്ത് പിതാവിന്റെ പേര് എഴുതുന്നിടത്ത് യഥാർത്ഥ പിതാവിന്റെ പേര് എഴുതുവാൻ ശ്രദ്ധിക്കുക.

ചില സമയങ്ങളിൽ ദത്തെടുത്തവരുടെ പേരിൽത്തന്നെ രജി സ്റ്റർ ചെയ്യണമെന്ന പിടിവാശി ബന്ധപ്പെട്ടവരിൽ നിന്നും ഉണ്ടാ കുന്നു. അത് ശരീഅത്ത് നിയമപ്രകാരം സ്വീകാര്യമല്ല. അതു

കൊണ്ട് കുട്ടികളെ ദത്തെടുത്തിട്ടുള്ളവർ കുട്ടികളുടെ പിതാവിന്റെ യഥാർത്ഥ പേരു തന്നെ എല്ലാ സർക്കാർ രേഖകളിലും എഴുതിക്കുക. അതുകൊണ്ടു ഒരിടത്തും യാതൊരു തരത്തിലുള്ള പ്രയാസത്തേയും അഭിമുഖീകരിക്കേണ്ടി വരില്ല.

## വിധവകളുടെ വിവാഹം.

സയ്യദുനാ ഹദ്റത്ത് മസീഹ് മൗഊദ്(അ)പറയുന്നു;

വിധവയുടെ നിക്കാഹിനുള്ള കല്പന ഒരു കന്യകയുടെ നിക്കാഹിനുള്ള കല്പനപോലെതന്നെയാണ്. ചില സമുദായങ്ങളിൽ വിധവകളുടെ നിക്കാഹ് അന്തസ്സിനെതിരായി കരുതുന്നു.ഈ ദുരാചാരം വളരെ വ്യാപകമായിട്ടുണ്ട്. അതുകൊണ്ടാണ് വിധവകളുടെ നിക്കാഹ് കഴിപ്പിക്കുവാനുള്ള കല്പനയുള്ളത്. അതിനർത്ഥം എല്ലാ വിധവകളുടെയും നിക്കാഹ് നടത്തണമെന്നല്ല. നിക്കാഹിന് അർഹരയാട്ടുള്ളവർക്കും അനിവാര്യമായിട്ടുള്ളവർക്കുമാണ് ഈ കല്പന. (മൽഫൂസാത്ത് വാള്യം 5 പേജ് 320)

ചുരുക്കത്തിൽ മേൽ വിവരിച്ച നിർദ്ദേശങ്ങളുടെ വെളിച്ചത്തിൽ വിവാഹബന്ധത്തിന്റെ കാര്യത്തിൽ ജമാഅത്തിന്റെ മാർഗ്ഗനിർദ്ദേശങ്ങളെ പരിഗണിക്കേണ്ടത് ഓരോ അഹ്മദിയുടെയും കടമയാണ്.

ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ അദ്ധ്യാപനങ്ങളെക്കുറിച്ച് ജമാഅത്തിനെ ബോധവൽക്കരിക്കേണ്ടത് ജമാഅത്ത് ഭാരവാഹികളുടെ കടമയാണ്. എന്നിട്ടും അതനുസരിക്കുന്നില്ലായെങ്കിൽ അതേക്കുറുച്ച് എത്രയും പെട്ടെന്ന് കേന്ദ്രത്തെ അറിയിക്കുക. ആൺകുട്ടികളുടെയും പെൺകുട്ടികളുടെയും വിവാഹം അഹമദികളിൽ തന്നെ നടത്തുവാനുള്ള പരിശ്രമമായിരിക്കണം നമ്മുടേത്. നമ്മുടെ പുതുതലമുറ ദൈവനിയോഗിതന്റെ ബൈഅത്തിന്റെ ഫലമായി നമുക്കു ലഭിച്ചിരിക്കുന്ന ആ അനുഗ്രഹങ്ങൾ മുഖേന ഉന്നതിയിൽ എത്തുവാൻ വേണ്ടി.

അല്ലാഹുത്തആല നമുക്ക് ഹൃദയാത്മനാ ഈ നിർദേശങ്ങളനുസരിച്ച് പ്രവർത്തിക്കുവാനുള്ള തൗഫീഖ് നൽകട്ടെ.